"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല – ഏറാമല ഗ്രാമപഞ്ചായത് മുൻ സെക്രട്ടറി ശ്രീ.ദിനേശനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2624/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/12/2021

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.09.2018-ലെ ഇ 14 (വിഇ 7/17/കെ. കെ. ഡി) 19875/2018 നമ്പർ കത്ത്
2. സർക്കാരിന്റെ 14.10.2020 ലെ ഇപിബി3/233/2018/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
3. ശ്രീ.ദിനേശൻ.എം 09.12.2020 ൽ സമർപ്പിച്ച മറുപടി
4. പഞ്ചായത്ത് ഡയറക്ടറുടെ 11.08.2021 ലെ PAN/4859/2019 D1 (DP) നമ്പർ അഭിപ്രായ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപെട്ട കോഴിക്കോട് ഏറാമല ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ.റജിലേഷ് ഓർക്കാട്ടേരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഏറാമല വില്ലേജിലെ റീ. സർവ്വേ നം. 97/5, 69/9 എന്നീ സർവ്വേ നമ്പരുകളിൽ പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ശ്രീ.ഭാസ്കരൻ, ശ്രീ. നാണു വലിയ വയൽക്കുനിയിൽ എന്നവർ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടി ഭൂമികളുടെ തരം യഥാവിധി പരിശോധിക്കുകയോ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയോ ചെയ്യാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തിയ ഏറാമല ഗ്രാമപഞ്ചായത് മുൻ സെക്രട്ടറി ശ്രീ.ദിനേശനെതിരെ കെ.എസ്.ആർ.പാർട്ട് III യിലെ ചട്ടം 59 (ബി) പ്രകാരം നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യിരുന്നു. തുടർന്ന് കുറ്റാരോപിതനായ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.ദിനേശനെതിരെ പരാമർശം ( 2 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും ടിയാൻ ആയതിന് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളതും തുടർന്ന് പഞ്ചായത്ത് ഡയറക്ടർ എതിർ വാദ പത്രികയിന്മേൽ വിശദമായ അഭിപ്രായ റിപ്പോർട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇക്കാര്യത്തിൽ പെൻഷനിൽ നിന്നും കുറവ് ചെയ്യുന്നതിനായുള്ള അച്ചടക്ക നടപടിയാണ് ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന് മുമ്പായി ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഏറാമല ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ദിനേശനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**File No.LSGD-EPB3/233/2018-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് പരാമർശം 1,2,3 എന്നിവയുടെ പകർപ്പ് സഹിതം
2. ശ്രീ.ദിനേശൻ, മുൻ സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 24-12-2021 10:44:22
Reason: Approved
സെക്ഷൻ ഓഫീസർ